ക്വസ്റ്റ്യനും മറ്റേത് അൺസ്റ്റാർഡ് ക്വസ്റ്റ്യനുമാണ്. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ കീഴേതലത്തിൽ വന്ന് 8-ാം തീയതി തന്നെ ഉത്തരം ഒപ്പിട്ട് പോയി. 8-ാം തീയതി വൈകുന്നേരം ഇതു സംബന്ധിച്ച് സ്റ്റാർഡ് ക്വസ്റ്റ്യനുവേണ്ടി ഓഫീസർമാരുടെ യോഗം വിളിച്ചു. ഇതു സംബന്ധിച്ചുള്ള കൂടുതൽ ചർച്ച നടത്തിയപ്പോൾ അവിടെ വന്ന അഭിപ്രായങ്ങൾകൂടി ചേർത്തുകൊണ്ടാണ് സ്റ്റാർഡ് ക്വസ്റ്റ്യന് ഇവിടെ ഉത്തരം വച്ചിട്ടുള്ളത്. അതിൽ സംഭവിച്ചിട്ടുള്ള ഒരു പിശകാണ് അത്. പാർലമെന്ററി മര്യാദ അനുസരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. അത് പിന്നീട് ഒരു തിരുത്തലായി ഇവിടെ വയ്ക്കേണ്ടതായിരുന്നു. അക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. ഭാവിയിൽ അത് ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം ഞാൻ കൊടുക്കുന്നുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുമ്പോൾ ഇങ്ങനെ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

# VIII നിയമനിർമ്മാണ കാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

(2) 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: രണ്ട് പ്രമേയങ്ങളും ഒന്നിച്ചാണ് നമ്മൾ ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിന്റെയും 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജിപ്പ് രേഖപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ 50 ശതമാനം വനിതകൾക്കായി സംവരണം നൽകുന്നതിന് നിയമപരമായ പരിരക്ഷ ഈ ബിൽ വഴി നൽകാനാകും. യു.പി.എ. സർക്കാരിന്റെ 100 ദിന പ്രവർത്തന അജണ്ടയിൽ

LIBRARY ARCHIVES Kerala Legislative Assembly